## Kerala Prisons & Correctional Services Department

ആസ്ഥാന കാര്യാലയം ജയിൽ വകുപ്പ്, കേരളം
പൂജപ്പുര, തിരുവനന്തപുരം - 12
ഫോൺ : 0471-2342532
ഇമെയിൽ : keralaprisons@gov.in
തീയതി : 17-08-2017

**സർക്കുലർ നം 28/2017**

വിഷയം:- ജയിലുകൾ - ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവ്വീസസിന്റെ ജയിൽ സന്ദർശക റിപ്പോർട്ടിൻമേൽ നടപടി സ്വീകരിച്ച് റിപ്പോർട്ട് ചെയ്യുന്നത് - സംബന്ധിച്ച്.

ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവ്വീസസ് ജയിലുകൾ സന്ദർശിക്കുന്ന അവസരത്തിൽ സന്ദർശക രജിസ്റ്ററിൽ രേഖപ്പെടുത്തുന്ന **visiting remarks**-ന്റെ പകർപ്പ് ബന്ധപ്പെട്ട സൂപ്രണ്ടുമാർ 5 ദിവസത്തിനുള്ളിൽ ജയിലാസ്ഥാന കാര്യാലയത്തിൽ അയച്ചുതരേണ്ടതും, സന്ദർശക റിപ്പോർട്ടിൽ നടപടികൾ സ്വീകരിക്കുന്നതിനായി പ്രത്യേകം നിർദ്ദേശിച്ചിട്ടുള്ള കാര്യങ്ങളിൻമേൽ വീഴ്ച കൂടാതെ നടപ്പിലാക്കി ഒരു മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കേണ്ടതുമാണ്. മേഖലാ ഡി.എെ.ജി -മാരുടെ ജയിൽ സന്ദർശന വേളകളിൽ സർക്കുലറിലെ നിർദ്ദേശം സൂപ്രണ്ടുമാർ പാലിക്കുന്നുണ്ടോ എന്ന കാര്യം പരിശോധിക്കേണ്ടതുമാണ്.

സന്ദർശന റിപ്പോർട്ടിന്മേൽ സ്വീകരിച്ച **compliance report** രെജിസ്റ്ററിൽ തന്നെ പതിക്കേണ്ടതുമാണ്. അതിനായി ഒരു പേജ് വിട്ട ശേഷം മാത്രമേ അടുത്ത സന്ദർശന റിപ്പോർട്ട് എഴുതാൻ പാടുള്ളൂ.

ചില സന്ദർശനങ്ങൾ ആരാണ് നടത്തിയതെന്ന ഒരു രേഖയും ഉണ്ടാവാറില്ലാത്തതും ശ്രദ്ധയിൽ പെട്ടു. സന്ദർശന ഉദ്യോഗസ്ഥന്റെ പേരും ഔദ്യോഗിക സ്ഥാനവും തീർച്ചയായും രെജിസ്റ്ററിൽ ഉണ്ടായിരിക്കാനും അതാത് സൂപ്രണ്ടുമാർ ശ്രദ്ധിക്കേണ്ടതാണ് .

ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസ്

സ്വീകർത്താവ് : എല്ലാ ജയിൽ സൂപ്രണ്ടുമാർക്കും

പകർപ്പ് : ഐ.ജി.ഓഫ് പ്രിസൺസ്,
എല്ലാ മേഖലാ ഡി.ഐ.ജി.മാർക്കും

G2-17531/2017/PrHQ

2546b5